LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ റെയിഡ്

178(3100) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജൂൺമുതൽ കൊയിലാണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ റവന്യൂ സ്ക്വാഡ് എത്ര റെയിഡ് നടത്തിയെന്നും എത്ര ലോഡ് മണൽ, മണ്ണ്, ചെങ്കല്ല് എന്നിവ പിടിച്ചെടുത്തെന്നും വ്യക്തമാക്കാമോ ;

(ബി) റെയിഡിൽ പിടിച്ചെടുത്ത വാഹന ഉടമകളുടെ പേര്, എടുത്ത കേസ്, ഈടാക്കിയ ഫൈൻ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ ; വ്യക്തമാക്കുമോ ;

(സി) പൊതുജനങ്ങൾക്ക് മാർഗ്ഗതടസ്സമുണ്ടാക്കുംവിധം താലൂക്ക് ഓഫീസ് മുറ്റത്ത് വർഷങ്ങളായി പിടിച്ചെടുത്തിട്ടിരിക്കുന്ന മണൽ, ലോറി മറ്റ് വാഹനങ്ങൾ എന്നിവ എത്രയെന്ന് വിശദമാക്കാമോ ;

(ഡി) പിടിച്ചെടുത്ത മണൽ പരസ്യമായി ലേലം ചെയ്യുന്നതിനും വാഹനങ്ങൾ മാറ്റുന്നതിനും നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2012 ജൂൺ മുതൽ കൊയിലാണ്ടി തഹസീൽദാരുടെ നേതൃത്വത്തിൽ റവന്യൂ സ്ക്വാഡ് 354 റെയ്ഡ് നടത്തിയിട്ടുണ്ട്. മണൽ, മണ്ണ്, ചെങ്കല്ല് എന്നിവ പിടിച്ചെടുത്ത വിവരം ചുവടെ ചേർക്കുന്നു :

വർഷം	മണൽ, മട്ടിമണൽ, പോർട്ട്, മണൽ	മണ്ണ്	ചെങ്കല്ല്
2012	27 വാഹനങ്ങൾ	18 വാഹനങ്ങൾ	...
2013	29 വാഹനങ്ങൾ	58 വാഹനങ്ങൾ	...
2014	16 വാഹനങ്ങൾ	45 വാഹനങ്ങൾ	...

(ബി) ആകെ 16,33,000 രൂപ ഫൈൻ ഈടാക്കി. (വാഹന ഉടമകളുടെ പേര്, മറ്റുവിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.) *

(സി) 26 വാഹനങ്ങൾ ഏകദേശം 600 ടൺ മണൽ.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ഡി) കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം സെക്ഷൻ 23 എ (6) പ്രകാരം കണ്ടുകെട്ടിയ മണൽ നിർമ്മിതി കേന്ദ്രയുടെ കലവറയ്ക്ക് വിൽപ്പന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങളിലുള്ള മണൽ കേസിന്റെ തീർപ്പിനനുസരിച്ച് നിർമ്മിതി കേന്ദ്രയുടെ കലവറയ്ക്ക് കൈമാറുന്നതാണ്. വാഹനങ്ങൾ നിയമാനുസൃതം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

അനധികൃതമായി ഭൂമി കൈക്കലാക്കൽ

179(3101) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി തട്ടിപ്പ് ഭൂപണയത്തിന്മേൽ പലിശയ്ക്ക് പണംനൽകി ചില റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൂമി കൈക്കലാക്കൽ തുടങ്ങിയ വിവിധതരം തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഭൂമി/വാസസ്ഥലം/ കടകൾ തുടങ്ങിയവ വ്യാജപ്രമാണങ്ങളും വ്യാജരേഖകളും ഉദ്യോഗസ്ഥരുടെ സഹായവും ഗുണ്ടാസംഘങ്ങളുടെ സംരക്ഷണവും ഉപയോഗിച്ച് പലരും കൈക്കലാക്കിയത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ സർക്കാരിന് ലഭിച്ചു ; റവന്യൂ വകുപ്പ് പ്രസ്തുത പരാതികളിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(സി) റവന്യൂ വകുപ്പിന്റെ കണക്കുകൾപ്രകാരം ഇത്തരം തട്ടിപ്പുകൾക്കു വിധേയമായി ഭൂമി നഷ്ടപ്പെട്ടവർ എത്ര ; ആത്മഹത്യ ചെയ്തവർ എത്ര ; കൊലചെയ്യപ്പെട്ടവർ എത്ര ; മാരകമായ ആക്രമണങ്ങൾക്ക് വിധേയരായവർ എത്ര വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത്തരം തട്ടിപ്പുകൾക്ക് വിധേയരായവർക്ക് അവരുടെ സ്വത്തു വകകൾ തിരികെ നൽകുവാനായി റവന്യൂവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം തട്ടിപ്പുകൾക്ക് കൂട്ടുനിൽക്കുകയും തട്ടിപ്പുകൾ നടത്തിയതായി കണ്ടെത്തുകയും ചെയ്ത റവന്യൂ വകുപ്പിന്റെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചു ; പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly